## കേരള സർക്കാർ

## സംഗ്രഹം

സഹകരണവകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ക്ഷാമബത്ത 01.07.2012 മുതൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### സഹകരണ (സി) വകുപ്പ്

**സ.ഉ.(സാധാ)നം.732/2012/സഹ. തീയതി, തിരുവനന്തപുരം, 20.12.2012.**

---

പരാമർശം:- 1) 06.07.2012 ലെ സ.ഉ.(സാധാ) നം. 368/2012/സഹ നമ്പർ ഉത്തരവ്.

2) 08.11.2012 ലെ സ.ഉ. (അച്ചടിച്ചത്) നം. 614/2012/ധന നമ്പർ ഉത്തരവ്.

3) സഹകരണ സംഘം രജിസ്ട്രാരുടെ 06.12.2012 ലെ ഇ.എം(4) 56097/2012 നമ്പർ കത്ത്.

### ഉത്തരവ്

സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് 01.01.2012 മുതൽ പരിഷ്കരിച്ച സ്കെയിലിൽ 93% ഉം പ്രീറിവൈസ്ഡ് സ്കെയിലിൽ 139%ഉം ക്ഷാമബത്ത അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (2) പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പ്രീറിവൈസ്ഡ് സ്കെയിലിൽ 12% ക്ഷാമബത്തയും, പരിഷ്കരിച്ച സ്കെയിലിൽ 7% ക്ഷാമബത്തയും 01.07.2012 മുതൽ അനുവദിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം പ്രീറിവൈസ്ഡ് സ്കെയിലിൽ ശമ്പളം വാങ്ങുന്ന സഹകരണ സംഘം ജീവനക്കാർക്ക് 01.07.2012 മുതൽ 12% അധിക ക്ഷാമബത്തയും, റിവൈസ്ഡ് സ്കെയിലിൽ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് പരാമർശം (2)ലെ ഉത്തരവ് പ്രകാരം അർഹതയുള്ള 9.4194% ക്ഷാമബത്തയോടൊപ്പം അവർക്ക് അർഹതയുണ്ടായിരുന്നതിൽ നൽകുവാൻ ബാക്കി നിൽപുണ്ടായിരുന്ന 0.3032% കൂടെ ചേർത്ത് കിട്ടുന്ന 9.7226 ശതമാനത്തിന് അർഹതയുള്ളതിനാൽ 01.07.2012 മുതൽ 10% അധിക ക്ഷാമബത്തയും അനുവദിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ 01.07.2012 മുതലുള്ള ക്ഷാമബത്ത ചുവടെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരിഷ്കരിച്ച സ്കെയിലിൽ**

| പ്രാബല്യ തീയതി | 01.01.2012 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2012 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ചിട്ടുള്ള ക്ഷാമബത്ത |
|---|---|---|---|
| 01.07.2012 | 93% | 10% | 103% |

**പരിഷ്കരണത്തിന് മുൻപുള്ള സ്കെയിലിൽ**

| പ്രാബല്യ തീയതി | 01.01.2012 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2012 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ചിട്ടുള്ള ക്ഷാമബത്ത |
|---|---|---|---|
| 01.07.2012 | 139% | 12% | 151% |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. വി.എം. ഗോപാലമേനോൻ**
**ഗവൺമെന്റ് സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
(ആമുഖ കത്ത് സഹിതം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ടി)
മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും ജനറൽ മാനേജർമാർക്ക്.
സഹകരണ (എ, ബി, പി.എസ്) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ